"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - പാലക്കാട് വണ്ടാഴി സി.വി.എം. ഹൈസ്കൂളിലെ എച്ച്.എസ്.എ (മലയാളം) ശ്രീമതി. സപ്ന കെ മാർക്കോസിന്റെ നിയമനാംഗീകാരം സംബന്ധിച്ച് ഫയൽ ചെയ്ത WP(C) No.27791/2025 ന്മേൽ ബഹു. ഹൈക്കോടതി യുടെ 29.07.2025 തീയതിയിലെ വിധിന്യായം - നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.964/2026/GEDN തീയതി,തിരുവനന്തപുരം, 02-02-2026

---

പരാമർശം:-

1. G.O.(P) 244/12/GEdn dated 25.07.2012
2. സ.ഉ.(സാധാ)നം.3287/2021/പൊ.വി.വ തീയതി 06.07.2021
3. സ.ഉ.(കൈ)നം. 111/2022/G.EDN തീയതി 25.06.2022
4. പാലക്കാട് വണ്ടാഴി സി.വി.എം. ഹൈസ്കൂളിലെ എച്ച്.എസ്.എ (മലയാളം) ശ്രീമതി. സപ്ന കെ മാർക്കോസിന്റെ 19.06.2025 തീയതിയിലെ പുനഃപരിശോധന ഹർജി(Ext.P8).
5. ബഹു. കേരള ഹൈക്കോടതിയുടെ W.P.(C) No. 27791/2025 ന്മേലുള്ള 29.07.2025 തീയതി വിധിന്യായം.
6. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 12-09-2025 തീയതിയിലെ ഇഎം1/18656/2025/ഡി.ജി.ഇ നമ്പർ കത്ത്.
7. പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ 15-09-2025 തീയതിയിലെ DDEPKD/3631/2025-B4 നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട് വണ്ടാഴി സി.വി.എം. ഹൈസ്കൂളിലെ അധ്യാപിക ശ്രീമതി. സപ്ന കെ മാർക്കോസിന്റെ നിയമനാംഗീകാരം സംബന്ധിച്ച് ഫയൽ ചെയ്ത WP(C) No.27791/2025-ന്മേൽ ബഹു. ഹൈക്കോടതി 29.07.2025 തീയതിയിൽ പുറപ്പെടുവിച്ച വിധിന്യായത്തിൽ, ഹർജിക്കാരിയെയും മറ്റു ബന്ധപ്പെട്ടവരെയും കേട്ടശേഷം EXT P8(Revision petition dated 19.06.2025) പരിശോധിച്ച് തീരുമാനം കൈക്കൊള്ളുന്നതിന് ഒന്നാം എതിർകക്ഷിയായ പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ, ബന്ധപ്പെട്ട കക്ഷികളെ 16.09.2025 തീയതിയിൽ ഗൂഗിൾ മീറ്റ് മുഖാന്തരം വാദം കേൾക്കുകയുണ്ടായി.

2. ഹർജിക്കാരിയുടെ വാദം താഴെ പറയും പ്രകാരമായിരുന്നു :

വണ്ടാഴി സി.വി.എം.ഹൈസ്ക്കൂളിലെ യു.പി.എസ്.ടി ആയിരുന്ന ശ്രീമതി. സി.എസ്.ചിത്രാദേവിയെ 09.10.2019 മുതൽ എച്ച്.എസ്.ടി. (ഇംഗ്ലീഷ്) ആയി സ്ഥാനക്കയറ്റം നൽകി നിയമിച്ച ഒഴിവിൽ വിദ്യാലയത്തിലെ 51എ അവകാശിയായ ശ്രീമതി.സപ്ന.കെ.മാർക്കോസിനെ 04.03.2020 മുതൽ യു.പി.എസ്.ടി. ആയും 2022-23 വർഷത്തിലെ തസ്തിക നിർണ്ണയത്തിൽ ഉണ്ടായ എച്ച്.എസ്.ടി. (മലയാളം) അധിക തസ്തികയിൽ 01.06.2022 മുതൽ എച്ച്.എസ്.ടി (മലയാളം) ആയി സ്ഥാനക്കയറ്റം നൽകിയും മാനേജർ ടിയാളെ നിയമിച്ചു. എന്നാൽ 1) ശ്രീമതി. ചിത്രാദേവിയുടെ സ്ഥാനക്കയറ്റ നിയമനം അംഗീകരിച്ചിട്ടില്ല 2) ശ്രീമതി.സപ്നാ.കെ.മാർക്കോസിനെ നിയമിച്ചത് "Fag end of the academic year"-ൽ ആണ് 3) കെ.ടെറ്റ് നേടിയിട്ടില്ല എന്നീ കാരണങ്ങൾ ഉന്നയിച്ചു കൊണ്ട് 04.03.2020 മുതൽക്കുള്ള ടിയാളെ യു.പി.എസ്.ടി നിയമനവും അധിക തസ്തികയിലുള്ള നിയമനം 01.10.2022 മുതൽക്കാണ് റഗുലർ ആയി അംഗീകരിക്കാനാകൂ എന്ന് ഉന്നയിച്ചു കൊണ്ട് ടിയാളെ എച്ച്.എസ്.ടി (മലയാളം) നിയമനവും ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചു. ഇതിനെതിരെ നൽകിയ അപ്പീലും റിവിഷൻ അപ്പീലും ശ്രീമതി.ചിത്രാദേവിയുടെ നിയമനം അംഗീകരിക്കുന്ന മുറയ്ക്ക് ടിയാളുടെ നിയമനം അംഗീകരിക്കാൻ നിർദ്ദേശിച്ച് അനുവദിച്ചുത്തരവായെങ്കിലും മുമ്പ് സൂചിപ്പിച്ച കാരണങ്ങൾ ഇപ്പോഴും നിലനിൽക്കുന്നുവെന്ന് സൂചിപ്പിച്ച് വീണ്ടും നിരസിക്കുകയാണുണ്ടായത്. ഇതിനെതിരെയാണ് റിവിഷൻ പെറ്റീഷൻ സമർപ്പിച്ചിരിക്കുന്നത്.

04.03.2020 മുതലുള്ള ശ്രീമതി.സപ്നാ.കെ.മാർക്കോസിൻെറ യു.പി.എസ്.ടി നിയമനം ശ്രീമതി. സി.എസ്. ചിത്രാദേവിയുടെ എച്ച്.എസ്.ടി (ഇംഗ്ലീഷ്) നിയമനം അംഗീകരിക്കുന്ന മുറയ്ക്ക് മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ അംഗീകരിച്ചു നൽകാനാണ് അപ്പലറ്റ് ഉത്തരവുകളിൽ നിർദ്ദേശിച്ചിരിക്കുന്നത്. ശ്രീമതി. ചിത്രാദേവിയുടെ എച്ച്.എസ്.ടി. (ഇംഗ്ലീഷ്) നിയമനം നിയമന തിയ്യതി മുതൽക്കു തന്നെ 24.05.2025-ലെ ബി2/682/2024 നമ്പർ ഉത്തരവ് പ്രകാരം അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. ആയതിനാൽ ടിയാൾക്ക് നിലനിൽക്കുന്നതിന് വ്യവസ്ഥാപിത ഒഴിവ് സംജാതമായിട്ടുണ്ട്.

ടിയാളുടെ യു.പി.എസ്.ടി നിയമനം "Fag end of the academic year" ൽ ആണ് എന്ന ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ വാദം ബഹു. സുപ്രീം കോടതിയുടെ 22.02.2013-ലെ CA No.1643/2013 (Sneha Cheriyan V/s. State of Kerala) വിധിന്യായത്തിന്റെയും 14.10.2015-ലെ 44977/J2/2013/G.Edn നമ്പർ സർക്കാർ കത്തിന്റെയും അടിസ്ഥാനത്തിൽ നിലനിൽക്കുന്നതല്ല.

ടിയാൾക്ക് 02.06.2003 മുതൽ 06.06.2004 വരെ അവധി ഒഴിവിൽ അംഗീകൃത സർവീസ് ഉണ്ട്. ഇക്കാര്യം അപ്പലറ്റ് ഉത്തരവുകളിൽ അർത്ഥശങ്കയ്ക്കിടയില്ലാത്ത വിധം പ്രതിപാദിച്ചിട്ടുണ്ട്. അപ്പലറ്റ് ഉത്തരവുകളുടെ പകർപ്പുകൾ സമർപ്പിക്കുന്നു. ആയതിനാൽ 51 എ അവകാശിയല്ലെന്നുള്ള വാദവും നിലനിൽക്കത്തക്കതല്ല.

31.03.2012-നു മുമ്പ് റഗുലർ സർവീസിൽ പ്രവേശിച്ചവരെ മാത്രമാണ് കെ-ടെറ്റ് നേടുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുള്ളത് എന്ന ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ വാദവും നിലനിൽക്കുന്നതല്ല. പരാമർശം (1) ഉത്തരവിൽ ഉത്തരവ് തിയ്യതിയ്ക്കു മുമ്പുള്ള 51 എ അവകാശികളെ കെ-ടെറ്റ് നേടുന്നതിൽനിന്നും സ്ഥിരമായി ഒഴിവാക്കിയിട്ടുണ്ട്.

2022-23 വർഷത്തെ തസ്തിക നിർണ്ണയത്തിൽ വിദ്യാലയത്തിന് ഒരു എച്ച്.എസ്.ടി (മലയാളം) അധിക തസ്തിക അനുവദിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത തസ്തികയിലേയ്ക്ക് 01.06.2022 മുതൽ മാനേജർ ടിയാളെ സ്ഥാനക്കയറ്റം നൽകി നിയമിച്ചിട്ടുണ്ട്. അധിക തസ്തികയിലെ നിയമനമായതിനാൽ 01.10.2022 മുതൽക്കു മാത്രമേ സ്ഥിര നിയമനം സാധ്യമാകു എന്നുള്ളതിനാൽ ടിയാളുടെ എച്ച്.എസ്.ടി (മലയാളം) ആയുള്ള സ്ഥാനക്കയറ്റ നിയമനം 01.10.2022 മുതൽക്ക് അംഗീകരിക്കുന്നതിന് ടിയാൾക്ക് സമ്മതമാണെന്നറിയിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർ ഉന്നയിച്ച തടസ്സവാദങ്ങളൊന്നും തന്നെ ഇപ്പോൾ നിലനിൽക്കുന്നില്ലാത്തതിനാൽ ശ്രീമതി.സപ്നാ.കെ.മാർക്കോസിന്റെ 04.03.2020 മുതലുള്ള യു.പി.എസ്.ടി നിയമനവും 01.10.2022 മുതലുള്ള എച്ച്.എസ്.ടി (മലയാളം) സ്ഥാനക്കയറ്റ നിയമനവും അംഗീകരിക്കാനുള്ള നിർദ്ദേശം പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർക്കു നൽകി ഉത്തരവാകണമെന്ന് അഭ്യർത്ഥിക്കുന്നു.

3. പൊതു വിദ്യാഭ്യാസ ഓഫീസർമാർ താഴപ്പറയും പ്രകാരം വാദിച്ചു :

വണ്ടാഴി സി.വി.എം.എച്ച്.എസ്. ലെ എച്ച്.എസ്.ടി.(മലയാളം) ആയ ശ്രീമതി സപ്ന കെ. മാർക്കോസ് സർക്കാരിൽ സമർപ്പിച്ച ഹർജിയിൽ 04/03/2020 മുതലുള്ള ടിയാളുടെ യു.പി.എസ്.ടി. നിയമനവും 01/10/2022 മുതലുള്ള എച്ച്.എസ്.ടി.(മലയാളം) നിയമനവും അംഗീകരിച്ച് നല്കണമെന്നതാണ് ആവശ്യം.

04.03.2020 വണ്ടാഴി സി.വി.എം.ഹൈസ്കൂളിലെ യു.പി.എസ്.ടി അധ്യപികയായ ശ്രീമതി സി.എസ്. ചിത്രദേവിയെ എച്ച്.എസ്.ടി.(ഇംഗ്ലീഷ്) തസ്തികയിൽ 09.10.2019 മുതൽ സ്ഥാനക്കയറ്റം നൽകിയ ഒഴിവിലേക്ക് 51 അവകാശിയായ ശ്രീമതി മാർക്കോസിനെ യു.പി.എസ്.ടി. തസ്തികയിൽ മുതൽ മാനേജർ നിയമനം നൽകി. ശ്രീമതി സി.എസ്. ചിത്രദേവിയുടെ എച്ച്.എസ്.ടി. (ഇംഗ്ലീഷ്) തസ്തികയിലെ 09.10.2019 മുതലുള്ള സ്ഥാനക്കയറ്റം ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചിട്ടുള്ളതിനാൽ ടി നിയമനം നിരസിച്ച് ജില്ലാ വിദ്യാഭ്യാസ ഓഫീസർ ഉത്തരവായി. ഇതിനെതിരെ ഈ കാര്യാലയത്തിൽ അപ്പീൽ സമർപ്പിക്കുകയും ഈ കാര്യാലയത്തിലെ നിർദ്ദേശ പ്രകാരം ജില്ല വിദ്യാഭ്യാസ ഓഫീസർ നിയമനം പുനപരിശോധിക്കുകയും വീണ്ടും ടി നിയമനം ഒഴിവു വ്യവസ്ഥാപിതമല്ല എന്ന് ചൂണ്ടിക്കാട്ടി നിരസിച്ചു. പിന്നീട് യു.പി.എസ്.ടി. അധ്യാപികയായ ശ്രീമതി സി.എസ്. ചിത്രദേവിയുടെ എച്ച്.എസ്.ടി (ഇംഗ്ലീഷ്) തസ്തികയിലെ 9/10/2019 മുതലുള്ള സ്ഥാനക്കയറ്റനിയമനം ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ചു നല്കിയിട്ടുള്ളതിനാൽ യു.പി.എസ്.ടി. തസ്തിക വ്യവസ്ഥാപിതമായി.

നിലവിൽ മറ്റു ന്യൂനതകൾ പരിഹരിച്ചിട്ടുണ്ട് എന്നാൽ കോവിഡ് മഹാമാരിയെ തുടർന്ന് സ്കൂളുകൾ 2020-21 വർഷത്തിൽ തുറന്നു പ്രവർത്തിച്ചിട്ടില്ല. പൊതുവിദ്യാഭ്യാസ (ആർ) വകുപ്പിന്റെ പരാമർശം (2) ഉത്തരവ് പ്രകാരം 15.07.2021 മുതൽ ആണ് എല്ലാ നിയമനവും നടത്തുവാൻ നിർദേശം ഉണ്ടായിരുന്നത്.

മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ, ശ്രീമതി. സപ്ന കെ മാർക്കോസിന്റെ യു.പി.എസ്.ടി. തസ്തികയിലെ 04.03.2020 മുതലുള്ള നിയമനം 15.07.21 മുതൽ

പരിഗണിക്കാവുന്നതാണ്.

ടി സ്കൂളിലെ 2022-23 അദ്ധ്യയന വർഷത്തിൽ അധികമായി വരുന്ന എച്ച്.എസ്.ടി. (മലയാളം) തസ്തികയിലേക്ക്, ടി സ്കൂളിലെ യു.പി.എസ്.ടി യും 51-A അവകാശിയുമായ ശ്രീമതി സപ്ന.കെ.മാർക്കോസിനെ 01.06.2022 മുതൽ മാനേജർ സ്ഥാനക്കയറ്റ നിയമനം നൽകി. ഭിന്നശേഷിക്കാർക്കുള്ള സംവരണം പാലിക്കുകയോ ഭിന്നശേഷി സംവരണം സംബന്ധിച്ച് പരാമർശം (3) സർക്കാർ ഉത്തരവ് നിർദ്ദേശങ്ങൾ നടപ്പിലാക്കുകയോ ചെയ്തിട്ടില്ല. നിയമന തീയതിയിൽ വ്യവസ്ഥാപിതമായ ഒഴിവ് ഇല്ല, നിയമനാംഗീകാര അപേക്ഷ സമർപ്പിച്ചതിൽ കാലതാമസം വന്നിട്ടുണ്ട്, 01.01.2022-ലെ സീനിയോറിറ്റി ലിസ്റ്റ് ഉള്ളടക്കം ചെയ്തിട്ടില്ല, ടിയാൾ 51 എ അവകാശിയാണെന്ന് തെളിയിക്കുന്നതിനുള്ള രേഖകൾ സമർപ്പിച്ചിട്ടില്ല, 31.03.2012-നു മുൻപ് റെഗുലർ തസ്തികയിൽ നിയമിതരായവർക്കാണ് ഇളവ് കെ-ടെറ്റ് പാസ്സാവുന്നതിൽ അനുവദിച്ചിരിക്കുന്നത് തുടങ്ങിയ ന്യൂനതകൾ സൂചിപ്പിച്ചുകൊണ്ട് ടി നിയമനം ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചു. ഇതിനെതിരെ മാനേജർ ഈ കാര്യാലയത്തിൽ അപ്പീൽ സമർപ്പിച്ചു.

ടിയാളുടെ 51-എ അവകാശം തെളിയിക്കുന്ന രേഖ മാനേജർ സമർപ്പിച്ചതിനാലും 02/06/2003 മുതൽ 06/06/2004 വരെ ടിയാൾക്ക് അംഗീകൃത ബ്രോക്കൺ സർവീസ് ഉണ്ട് എന്ന് മാനേജർ അപ്പീലിൽ സൂചിപ്പിക്കുന്നതിനാലും 02/06/2003 നാണ് ആ വർഷം സ്കൂൾ തുറന്നത് എന്നതിനാൽ ഒരു അക്കാദമിക വർഷം പൂർത്തിയാക്കിയതിനാൽ ചട്ടം 51-എ അവകാശവും അതിനാൽ തന്നെ കെ-ടെറ്റ് ഇളവും ലഭ്യമാണ് എന്നതിനാലും മറ്റ് വിധത്തിൽ ക്രമപ്രകാരമെങ്കിൽ, എച്ച്.എസ്.ടി.(മലയാളം) തസ്തികയിലെ ശ്രീമതി. സപ്ന കെ. മാർക്കോസിന്റെ സ്ഥാനക്കയറ്റ നിയമനം 01/06/2022 മുതൽ 30/09/2022 വരെ ദിവസവേതനാടിസ്ഥാനത്തിലും 01/10/2022 മുതൽ ശമ്പള സ്കെയിലിലും നിയമനം അംഗീകരിക്കാൻ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകിക്കൊണ്ട് അപ്പീൽ തീർപ്പാക്കിയിട്ടുണ്ട് എന്ന വിവരം പൊതു വിദ്യാഭ്യാസ ഓഫീസർമാർ അറിയിച്ചു.

4. സർക്കാർ ഈ വിഷയം ഹർജിക്കാരന്റെ വാദം, വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട്, നിലവിലെ ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. വണ്ടാഴി സി.വി.എം. ഹൈസ്കൂളിലെ യു.പി.എസ്.ടി. ശ്രീമതി. സി.എസ്. ചിത്രാദേവിയെ എച്ച്.എസ്.ടി. (ഇംഗ്ലീഷ്) ആയി 09.10.2019 മുതൽ സ്ഥാനക്കയറ്റം നൽകിയ ഒഴിവിലേക്ക് 51-എ അവകാശിയായ ശ്രീമതി. സപ്ന കെ മാർക്കോസിനെ യു.പി.എസ്.ടി. യായി 04.03.2020 മുതൽ നിയമിച്ചു. ശ്രീമതി സപ്ന കെ. മാർക്കോസ് സർക്കാരിൽ സമർപ്പിച്ച ഹർജിയിൽ 04/03/2020 മുതലുള്ള ടിയാളുടെ യു.പി.എസ്.ടി. നിയമനവും 01/10/2022 മുതലുള്ള എച്ച്.എസ്.ടി.(മലയാളം) സ്ഥാനക്കയറ്റ നിയമനവും അംഗീകരിച്ച് നല്കണമെന്നതാണ് ആവശ്യപ്പെട്ടിട്ടുള്ളത്. 51-എ ആയതിനാൽകെ-ടെറ്റ് (K-TET) യോഗ്യത നേടുന്നതിൽ ഇളവുണ്ടായിരുന്നതിനാലാണ് ശ്രീമതി. സപ്ന കെ മാർക്കോസിന്റെ യു.പി.എസ്.ടി. തസ്തികയിലെ 04.03.2020 മുതലുള്ള നിയമനം 15.07.21 മുതൽ പരിഗണിക്കാവുന്നതാണ് എന്ന് പൊതു വിദ്യാഭ്യാസഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

ബഹു. സുപ്രീം കോടതിയുടെ 01/09/2025 തീയതിയിലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ, സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ അധ്യാപക നിയമനങ്ങൾക്ക് കെ-ടെറ്റ് (K-TET) യോഗ്യത നിർബന്ധമാണ്. നിലവിൽ കെ-ടെറ്റ് പാസാകാത്തവർക്ക് സർക്കാർ

മുൻപ് നൽകിയിരുന്ന ഇളവുകൾ ഈ കോടതിവിധിയോടെ അസാധുവായിരിക്കുകയാണ്. അതിനാൽ, കെ-ടെറ്റ് യോഗ്യതയുള്ളവർക്ക് മാത്രമേ ഇനി മുതൽ നിയമനാംഗീകാരവും പ്രമോഷനും നൽകാൻ സാധിക്കുകയുള്ളൂ. മേൽ സാഹചര്യത്തിൽ വണ്ടാഴി സി.വി.എം. ഹൈസ്കൂളിലെ അധ്യാപിക ശ്രീമതി. സപ്ന കെ മാർക്കോസിന്റെ യു.പി.എസ്.ടി. തസ്തികയിലെ 15/07/2021 മുതൽ 30.09.2022 വരെ ഉള്ള നിയമനം പരിഗണനാർഹമല്ലെന്ന് പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദേശം നൽകിക്കൊണ്ട് Ext.P8 റിവിഷൻ ഹർജി തീർപ്പാക്കി അപ്രകാരം ശ്രീമതി. സപ്ന കെ മാർക്കോസ് ഫയൽ ചെയ്ത WP(C)No.27791/2025 കേസ്സിന്മേൽ ബഹു ഹൈകോടതി പുറപ്പെടുവിച്ച 29.07.2025 തീയതിയിലെ വിധിന്യായത്തിലെ നിർദേശം നടപ്പിൽ വരുത്തി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
M RATHEESH
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം(ആമുഖ കത്ത് സഹിതം)
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ, പാലക്കാട്
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഒറ്റപ്പാലം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
ശ്രീമതി സപ്ന കെ മാർക്കോസ്, എച്ച്.എസ്.എ. (മലയാളം), സി.വി.എം. ഹൈസ്കൂൾ, വണ്ടാഴി, പാലക്കാട്
മാനേജർ, സി.വി.എം. ഹൈസ്കൂൾ, വണ്ടാഴി, പാലക്കാട്
പൊതുവിദ്യാഭ്യാസ (ജെ.എ.) വകുപ്പ് (GE-JA1/533/2025-G.EDN തീയതി: 16/12/2025 )
വിവര പൊതുജന സമ്പർക്ക ( വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by
Meera S S
Date: 04-02-2026 18:20:00
സെക്ഷൻ ഓഫീസർ